"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - ഇടുക്കി ജില്ലയിലെ അയ്യപ്പൻകോവിൽ വില്ലേജ് ഓഫീസിലെ പാർട്ട് ടൈം സ്വീപ്പറായ ശ്രീമതി മഞ്ജു കെ. രവി ഫയൽ ചെയ്ത OA 2278/2023 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 14.08.2024 ലെ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (റ്റി) വകുപ്പ്**

സ.ഉ.(കൈ) നം.49/2025/RD തിരുവനന്തപുരം, 21-02-2025

---

പരാമർശം:-
1. 25.11.2005 ലെ സ.ഉ.(പി) നം. 501/2005/ധന ഉത്തരവ്
2. 09.02.2010 ലെ സ.ഉ.(പി) നം. 61/2010/ധന ഉത്തരവ്
3. 18.07.2020 ലെ സ.ഉ.(സാധാ) നം. 2399/2020/റവ.
4. ശ്രീമതി മഞ്ജു കെ. രവി സമർപ്പിച്ച 22.12.2022 ലെ നിവേദനം.
5. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 14.08.2024 ലെ OA 2278/2023 നമ്പർ കേസിലെ ഉത്തരവ്

**<u>ഉത്തരവ്</u>**

ശ്രീമതി മഞ്ജു കെ. രവി 1999 മുതൽ ഇടുക്കി ജില്ലയിലെ അയ്യപ്പൻകോവിൽ വില്ലേജ് ഓഫീസിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തുവന്നിരുന്നു. പ്രസ്തുത വില്ലേജ് ഓഫീസിന്റെ സ്വീപ്പിങ് ഏര്യ 81.88 ച. മീ. ആയിരുന്നതിനാൽ ടിയാളെ പരാമർശം (1) ഉത്തരവ് പ്രകാരം പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിയിരുന്നില്ല. പ്രസ്തുത കെട്ടിടത്തോട് ചേർത്ത് ടോയ്‌ലറ്റ്, പോർച്ച്, വരാന്ത എന്നിവ കൂട്ടിചേർത്തതിനെ തുടർന്ന് 31.03.2015 ൽ ടി ഓഫീസിന്റെ സ്വീപ്പിങ്ങ് ഏര്യ 112.10 ച. മീ. ആയി വർദ്ധിച്ചു. തുടർന്ന് ശ്രീമതി മഞ്ജു കെ. രവിയെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിലേയ്ക്കായി 2015 ൽ ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച പ്രൊപ്പോസൽ, 02.03.2010 ലെ 23/10/ധന, 05.03.2016 ലെ 19/2016/ധന എന്നീ സർക്കുലറുകളുടെ വെളിച്ചത്തിൽ പരിഗണിച്ചിരുന്നില്ല. ഇതിനെതിരെ ഹർജിക്കാരി ബഹു. ട്രൈബ്യൂണൽ മുമ്പാകെ OA 1698/2016 നമ്പർ കേസ് ഫയൽ ചെയ്യുകയും, ടി കേസിലെ ബഹു. ട്രൈബ്യൂണലിന്റെ 14.11.2018 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, 10.04.2018 ലെ സ.ഉ.(പി) നം.58/2018/ധന ഉത്തരവ് അനുസരിച്ച് അയ്യപ്പൻകോവിൽ വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് അപേക്ഷകയെ ഉത്തരവ് തീയതി പ്രാബല്യത്തിൽ പരാമർശം (3) പ്രകാരം സ്ഥിരപ്പെടുത്തുകയും ചെയ്തിരുന്നു.

2) തുടർന്ന്, സമാന കേസുകളിൽ നിയമന തീയതി പ്രാബല്യത്തിൽ സ്വീപ്പർമാർക്ക് റഗുലറൈസേഷൻ നൽകിയിട്ടുണ്ടെന്ന് ചൂണ്ടിക്കാട്ടി നിയമന തീയതിയായ 1999 മാർച്ച് പ്രാബല്യത്തിൽ തന്നെ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന്

നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി മഞ്ജു കെ. രവി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA 2278/2023 നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസ് 14.08.2024 ൽ പരിഗണിച്ച ബഹു. ട്രൈബ്യൂണൽ, ഇതേ ആവശ്യവുമായി അപേക്ഷക സർക്കാർ മുമ്പാകെ സമർപ്പിച്ച പരാമർശം (4) നിവേദനത്തിന്മേൽ (Annexure A 23) വിധിപ്പകർപ്പ് ലഭ്യമായി 3 മാസത്തിനകം നിയമാനുസൃതം ഉചിത ഉത്തരവ് പുറപ്പെടുവിക്കുവാൻ സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ഉത്തരവ് തീയതി മുതൽ സ്ഥിരപ്പെടുത്തുന്നതിന് മുൻപ് ശ്രീമതി മഞ്ജു കെ. രവിയിൽ നിന്നും സമ്മതപത്രം എഴുതി വാങ്ങിയിട്ടുണ്ടെങ്കിലും, സമാനമായ കേസുകളിൽ സ്വീപ്പിങ് ഏര്യ 100 ചതുരശ്ര മീറ്ററിൽ അധികരിച്ച തീയതി മുതൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ആ തീയതി മുതലുള്ള ആനുകൂല്യങ്ങൾ പ്രസ്തുത തസ്തികയിൽ സ്ഥിരപ്പെടുത്തിയ വ്യക്തികൾക്ക് അനുവദിച്ച് നൽകിയിട്ടുള്ളതിനാൽ ശ്രീമതി മഞ്ജു കെ. രവിക്ക് അത്തരത്തിൽ ഒരു പരിഗണന നൽകാത്തത് നീതി നിഷേധമാണെന്ന് കാണുന്നു.

4) മേൽ സാഹചര്യത്തിൽ ഇടുക്കി ജില്ലയിലെ അയ്യപ്പൻകോവിൽ വില്ലേജ് ഓഫീസിലെ പാർട്ട് ടൈം സ്വീപ്പറായ ശ്രീമതി മഞ്ജു കെ. രവിയെ സ്ഥിരപ്പെടുത്തിയ പരാമർശം (3) സർക്കാർ ഉത്തരവിന് ടി വില്ലേജ് ഓഫീസിന്റെ സ്വീപ്പിങ് ഏര്യ 100ച.മീ. ൽ അധികരിച്ച 31.03.2015 തീയതി പ്രാബല്യത്തിൽ മുന്‌കാല പ്രാബല്യം അനുവദിച്ചും, തദനുസൃതമായ ആനുകൂല്യങ്ങൾ ശ്രീമതി മഞ്ജു കെ. രവിക്ക് അനുവദിക്കുന്നതിന് അനുമതി നല്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

5) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (5) ഉത്തരവിലെ നിർദ്ദേശം ഇപ്രകാരം നടപ്പിലാക്കുന്നു.

6) പാർട്ട് ടൈം സ്വീപ്പർമാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് പുതിയ പൊതു മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടി ധനകാര്യ വകുപ്പ് ത്വരിതപ്പെടുത്തേണ്ടതാണെന്നും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, ഇടുക്കി.
ശ്രീമതി മഞ്ജു കെ. രവി, പാർട്ട് ടൈം സ്വീപ്പർ, അയ്യപ്പൻകോവിൽ വില്ലേജ് ഓഫീസ്, ഇടുക്കി
(ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. ( 16-10-2024 ലെ 2906265/EXP-C2/58/2024-FIN നമ്പർ റിമാർക്സ് പ്രകാരം)
നിയമ വകുപ്പ് (14.11.2024 ലെ OPN_-G2/166/ 2024-LAW നമ്പർ റിമാർക്സ് പ്രകാരം)

പൊതുഭരണ (എസ്.സി) വകുപ്പ്. (19.02.2025 ലെ ഇനം നമ്പർ 2720 പ്രകാരം)
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്-സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്. (REV-T1/4/2024-REV)

ഉത്തരവിൻ പ്രകാരം

Signed by
Sindhu Beegum M S
Date: 21-02-2025 14:38:21

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു. മുഖ്യമന്ത്രിയുടെ പി.എസ്. ന്.
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ്. ന്.

രഹസ്യം

# കേരള സർക്കാർ
# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 19-02-2025

ഫയൽ നം. റവ-റ്റി1/4/2024-റവ. ഇനം നം: 2720

വിഷയം : റവന്യു വകുപ്പ് - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A. 2278/2023 നമ്പർ കേസിലെ 14.08.2024-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ അയ്യപ്പൻകോവിൽ വില്ലേജ് ഓഫീസിലെ പാർട്ട് ടൈം സ്വീപ്പറായ ശ്രീമതി മഞ്ജു കെ. രവിയെ സ്ഥിരപ്പെടുത്തിയ ഉത്തരവിന് സ്വീപ്പിങ് ഏര്യ അധികരിച്ച 31.03.2015 തീയതി മുൻകാല പ്രാബല്യം അനുവദിച്ച് തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.
പാർട്ട് ടൈം സ്വീപ്പർമാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച പുതിയ പൊതു മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടി ധനകാര്യ വകുപ്പ് ത്വരിതപ്പെടുത്തേണ്ടതാണ്.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യു വകുപ്പ്.
അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

2720

| കേരള സർക്കാർ<br>(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)<br>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ് | | |
|---|---|---|
| 1. | ഫയൽ നമ്പർ | റവ-റ്റി1/4/2024-റവ. |
| 2. | വകുപ്പ് | റവന്യൂ (റ്റി) വകുപ്പ് |
| 3. | വിഷയം | ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A 2278/2023 നമ്പർ കേസിലെ 14.08.2024 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ അയ്യപ്പൻകോവിൽ വില്ലേജ് ഓഫീസിലെ പാർട്ട് ടൈം സ്വീപ്പറായ ശ്രീമതി മഞ്ജു കെ. രവിയെ സ്ഥിരപ്പെടുത്തിയ ഉത്തരവിന് സ്വീപ്പിങ് ഏര്യ അധികരിച്ച 31.03.2015 തീയതി മുൻകാല പ്രാബല്യം അനുവദിച്ച് തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 01.12.2024 |
| 5. | (i) ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | അതെ |
| | (ii) സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്., നിയമ വകുപ്പ് |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീ. റോയിച്ചൻ തോമസ് |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീമതി ടിങ്കു ബിസ്വാൾ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 13.12.2024 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി ശാരദ മുരളീധരൻ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 08.02.2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 10.02.2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 11.02.2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A 2278/2023 നമ്പർ കേസിലെ 14.08.2024 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ അയ്യപ്പൻകോവിൽ വില്ലേജ് ഓഫീസിലെ പാർട്ട് ടൈം സ്വീപ്പറായ ശ്രീമതി മഞ്ജു കെ. രവിയെ സ്ഥിരപ്പെടുത്തിയ 18.07.2020 ലെ സ.ഉ.(സാധാ) നം.2399/2020/റവ നമ്പർ ഉത്തരവിനു ടി വില്ലേജ് ഓഫീസിന്റെ സ്വീപ്പിങ് ഏര്യ 100 ച.മീ. ൽ അധികരിച്ച 31.03.2015 തീയതി മുതൽ മുൻകാല പ്രാബല്യത്തിൽ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. ശ്രീമതി മഞ്ജു കെ. രവി 1999 മുതൽ ഇടുക്കി ജില്ലയിലെ അയ്യപ്പൻകോവിൽ വില്ലേജ് ഓഫീസിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തുവന്നിരുന്നു. പ്രസ്തുത വില്ലേജ് ഓഫീസിന്റെ സ്വീപ്പിങ് ഏര്യ 81.88 ച. മീ. ആയിരുന്നതിനാൽ ടിയാളെ 25.11.2005 ലെ സ.ഉ.(പി)നം. 501/2005/ധന ഉത്തരവ് പ്രകാരം പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിയിരുന്നില്ല. പ്രസ്തുത കെട്ടിടത്തോട് ചേർത്ത് ടോയ്‌ലറ്റ്, പോർച്ച്, വരാന്ത എന്നിവ കൂട്ടിചേർത്തതിനെ തുടർന്ന് 31.03.2015 ൽ ടി ഓഫീസിന്റെ സ്വീപ്പിങ്ങ് ഏര്യ 112.10 ച. മീ. ആയി വർദ്ധിച്ചു. തുടർന്ന് ടിയാളെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിലേയ്ക്കായി 2015 ൽ ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച പ്രൊപ്പോസൽ, 02.03.2010 ലെ 23/10/ധന, 05.03.2016 ലെ 19/2016/ധന എന്നീ സർക്കുലറുകളുടെ വെളിച്ചത്തിൽ പരിഗണിച്ചിരുന്നില്ല. ഇതിനെതിരെ ഹർജിക്കാരി ബഹു.ട്രൈബ്യൂണൽ മുമ്പാകെ OA 1698/16 നമ്പർ കേസ് ഫയൽ ചെയ്യുകയും, ടി കേസിലെ ബഹു. ട്രൈബ്യൂണലിന്റെ 14.11.2018 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, 10.04.2018 ലെ സ.ഉ.(പി)നം. 58/2018/ധന ഉത്തരവ് അനുസരിച്ച് അയ്യപ്പൻകോവിൽ വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് അപേക്ഷകയെ ഉത്തരവ് തീയതി പ്രാബല്യത്തിൽ 18.07.2020 ലെ സ.ഉ.(സാധാ)നം. 2399/2020/റവ. പ്രകാരം സ്ഥിരപ്പെടുത്തുകയും ചെയ്തിരുന്നു.

3. തുടർന്ന്, സമാന കേസുകളിൽ നിയമന തീയതി പ്രാബല്യത്തിൽ സ്വീപ്പർമാർക്ക് റഗുലറൈസേഷൻ നൽകിയിട്ടുണ്ടെന്ന് ചൂണ്ടിക്കാട്ടി നിയമന തീയതിയായ 1999 മാർച്ച് പ്രാബല്യത്തിൽ തന്നെ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി മഞ്ജു കെ. രവി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA 2278/2023 നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസ് 14.08.2024 ൽ പരിഗണിച്ച ബഹു. ട്രൈബ്യൂണൽ, ഇതേ ആവശ്യവുമായി അപേക്ഷക സർക്കാർ മുമ്പാകെ സമർപ്പിച്ച Annexure A23 നിവേദനത്തിന്മേൽ വിധിപ്പകർപ്പ് ലഭ്യമായി 3 മാസത്തിനകം നിയമാനുസൃതം ഉചിത ഉത്തരവ് പുറപ്പെടുവിക്കുവാൻ സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

4. ഈ വിഷയത്തിൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടിരുന്നു.

"18.07.2020 ലെ സ.ഉ.(സാധാ)നം. 2399/2020/റവ ഉത്തരവ് പ്രകാരം ഇടുക്കി ജില്ലയിലെ അയ്യപ്പൻകോവിൽ വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ശ്രീമതി മഞ്ജു കെ. രവിയെ ഉത്തരവ് തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. 10/04/2018 തിയ്യതിയിലെ സ.ഉ(പി)നം. 58/2018/ധന ഉത്തരവ് പ്രകാരം പറയുന്ന സർക്കാർ തീരുമാനം മാനിച്ച് നിയമന ഉത്തരവ് തിയ്യതി മുതൽ ജോലി സ്ഥിരത ഉറപ്പാക്കി പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് പൂർണ്ണസമ്മതമാണ് എന്ന് ശ്രീമതി മഞ്ജു. കെ. രവി സമ്മതപത്രം നല്കിയതിന്റെ അടിസ്ഥാനത്തിലാണ് ടിയാളെ ഉത്തരവ് തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തിയിട്ടുള്ളത്. ശ്രീമതി മഞ്ജു കെ. രവിയെ ഉത്തരവ് തീയതി പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിയിട്ടുള്ളത് വ്യക്തമായ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിലാണ് എന്നതിനാൽ ടിയാളെ അയ്യപ്പൻകോവിൽ വില്ലേജ് ഓഫീസിന്റെ സ്വീപ്പിങ് ഏര്യ 100 ച. മീ. ൽ അധികമായ 31.03.2015 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ

ആനുകൂല്യങ്ങൾ അനുവദിച്ച് നല്കുന്നതിനോട് ധനവകുപ്പിന് യോജിക്കാൻ കഴിയില്ല എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു."

5. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 14.08.2024 ലെ ഉത്തരവ് നടപ്പിലാക്കുന്നതിന്മേൽ നിയമ വകുപ്പിന്റെ അഭിപ്രായം ആരായുകയും പ്രസ്തുത വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു.

"ശ്രീമതി മഞ്ജു കെ. രവി, നിയമന തീയതിയായ 1999 മാർച്ച് പ്രാബല്യത്തിൽ മുൻകാല പ്രാബല്യം അനുവദിച്ച് തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിച്ച്, സർക്കാർ മുമ്പാകെ സമർപ്പിച്ച Annexure A23 നിവേദനത്തിന്മേൽ ഉത്തരവ് പുറപ്പെടുവിക്കണമെന്ന ആവശ്യവുമായി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA 2278/2023 നമ്പർ കേസ് ഫയൽ ചെയ്തിരുന്നതും ബഹു. ട്രൈബ്യൂണൽ അപേക്ഷക സർക്കാർ മുമ്പാകെ സമർപ്പിച്ച Annexure A23 നിവേദനത്തിന്മേൽ ഉത്തരവ് കിട്ടി 3 മാസത്തിനകം ഉചിത ഉത്തരവ് പുറപ്പെടുവിക്കുന്നതിന് സർക്കാരിന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. എന്നാൽ Annexure A23 നിവേദനം സർക്കാരിൽ ലഭ്യമായതായി കാണുന്നില്ല എന്ന് ഭരണ വകുപ്പ് കുറിപ്പ് ഫയലിൽ വ്യക്തമാക്കിയിരിക്കുന്നു.

2) വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു,-

"18.07.2020 ലെ സ.ഉ.(സാധാ)നം. 2399/2020/റവ ഉത്തരവ് പ്രകാരം ഇടുക്കി ജില്ലയിലെ അയ്യപ്പൻകോവിൽ വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ശ്രീമതി മഞ്ജു കെ. രവിയെ ഉത്തരവ് തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. 10/04/2018 തിയ്യതിയിലെ സ.ഉ(പി)നം. 58/2018/ധന ഉത്തരവ് പ്രകാരം പറയുന്ന സർക്കാർ തീരുമാനം മാനിച്ച് നിയമന ഉത്തരവ് തിയ്യതി മുതൽ ജോലി

സ്ഥിരത ഉറപ്പാക്കി പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് പൂർണ്ണസമ്മതമാണ് എന്ന് ശ്രീമതി മഞ്ജു. കെ. രവി സമ്മതപത്രം നല്കിയതിന്റെ അടിസ്ഥാനത്തിലാണ് ടിയാളെ ഉത്തരവ് തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തിയിട്ടുള്ളത്. ശ്രീമതി മഞ്ജു കെ. രവിയെ ഉത്തരവ് തീയതി പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിയിട്ടുള്ളത് വ്യക്തമായ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിലാണ് എന്നതിനാൽ ടിയാളെ അയ്യപ്പൻകോവിൽ വില്ലേജ് ഓഫീസിന്റെ സ്വീപ്പിങ് ഏര്യ 100 ച. മീ. ൽ അധികമായ 31.03.2015 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിച്ച് നല്കുന്നതിനോട് ധനവകുപ്പിന് യോജിക്കാൻ കഴിയില്ല എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു."

3) ധനകാര്യവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് നടപ്പിലാക്കുന്നതിന്മേൽ ഈ വകുപ്പിന്റെ അഭിപ്രായത്തിനായാണ് ഫയൽ ലഭ്യമാക്കിയിരിക്കുന്നത്.

4) 25/11/2005 -ലെ സ.ഉ.(പി)നം. 501/2005/ധന പ്രകാരം താത്ക്കാലിക / കാഷ്വൽ സ്വീപ്പർമാരെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇതനുസരിച്ച 25/11/2005 -ആം തീയതിക്ക് മുൻപായി ജോലിയിൽ പ്രവേശിക്കുകയും സ്വീപ്പിങ് ഏര്യ 100 ച. മീ കൂടുതലുള്ള ഓഫീസുകളിൽ കാഷ്വൽ സ്വീപ്പറായി ജോലി നോക്കി വരികയും ചെയ്തിരുന്നവരെ മാത്രമേ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്താൻ സാധിക്കുകയുള്ളൂ. എന്നാൽ 25/ 11/ 2005 ൽ 100 ച. മീ. ൽ താഴെ വിസ്തീർണമുള്ള ഓഫീസിൽ ജോലി ചെയ്തിരുന്നവർ സ്വീപ്പിങ് ഏര്യ 100 ച. മീ. അധികരിക്കുമ്പോൾ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവത്കരിക്കുന്നതിനു KAT നെ സമീപിക്കുകയും അനുകൂല വിധി സമ്പാദിക്കുകയും ചെയ്ത നിരവധി precedents കാണാവുന്നതാണ്. നിലവിലെ വിഷയത്തിൽ, 18.07.2020 ലെ സ.ഉ.

(സാധാ)നം.2399/2020/റവ പ്രകാരം ഇടുക്കി അയ്യപ്പൻകോവിൽ വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ശ്രീമതി മഞ്ജു കെ. രവിയെ ഉത്തരവ് തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. 10/04/2018 തിയ്യതിയിലെ സ.ഉ.(പി)നം. 58/2018/ധന ഉത്തരവിനനുസൃതമായി നിയമന ഉത്തരവ് തിയതി മുതൽ ജോലി സ്ഥിരത ഉറപ്പാക്കി പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് സമ്മതമാണ് എന്ന് ശ്രീമതി മഞ്ജു കെ. രവി സമ്മതപത്രം നല്കിയതിന്റെ അടിസ്ഥാനത്തിലാണ് ഉത്തരവ് തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തിയിട്ടുള്ളത് . OA 2278/2023 നമ്പർ കേസ് 14.08.2024 ൽ പരിഗണിച്ച ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ. "..the Original Application is disposed of directing the 1 st respondent to consider and pass appropriate orders on Annexure A23 representation in accordance with law..." എന്നാണ് നിരീക്ഷിച്ചിട്ടുള്ളത്.

5) ആയതിനാൽ, ഇടുക്കി ജില്ലാ കളക്ടറുടെയും കമ്മീഷണറുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 25.11.2005 ന് ശേഷം സ്വീപ്പിങ് ഏര്യ 100 ച. മീ. അധികമായ പല കേസുകളിലും സ്വീപ്പിങ് ഏര്യ അധികരിച്ച തീയതി പ്രാബല്യത്തിലാണ് ക്രമവൽക്കരണം നൽകിവരുന്നത് എന്നത് പരിഗണിച്ച്, 31.03.2015 ലാണ് അയ്യപ്പൻകോവിൽ വില്ലേജ് ഓഫീസിന്റെ സ്വീപ്പിങ് ഏര്യ 100 ച.മീ. ൽ അധികരിച്ചത് എന്നതിനാൽ, പ്രസ്തുത തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിച്ച് OA 2278/2023 നമ്പർ കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധി നടപ്പിലാക്കാവുന്നതാണ്."

6. പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ഉത്തരവ് തീയതി മുതൽ സ്ഥിരപ്പെടുത്തുന്നതിന് മുൻപ് ശ്രീമതി മഞ്ജു കെ. രവിയിൽ നിന്നും സമ്മതപത്രം എഴുതി വാങ്ങിയിട്ടുണ്ടെങ്കിലും, സമാനമായ കേസുകളിൽ സ്വീപ്പിങ് ഏര്യ 100

ചതുരശ്ര മീറ്ററിൽ അധികരിച്ച തീയതി മുതൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ആ തീയതി മുതലുള്ള ആനുകൂല്യങ്ങൾ പ്രസ്തുത തസ്തികയിൽ സ്ഥിരപ്പെടുത്തിയ വ്യക്തികൾക്ക് അനുവദിച്ച് നൽകിയിട്ടുള്ളതിനാൽ ശ്രീമതി മഞ്ജു കെ. രവിക്ക് അത്തരത്തിൽ ഒരു പരിഗണന നൽകാത്തത് നീതി നിഷേധമാണ്. നിയമ വകുപ്പിന്റെ അഭിപ്രായം കൂടി കണക്കിലെടുത്ത് കൊണ്ട് ഇടുക്കി ജില്ലയിലെ അയ്യപ്പൻകോവിൽ വില്ലേജ് ഓഫീസിന്റെ സ്വീപ്പിംഗ് ഏര്യ 100 ചതുരശ്ര മീറ്ററിൽ അധികരിച്ച 31.03.2015 പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ ശ്രീമതി മഞ്ജു കെ. രവിക്ക് അനുവദിച്ച് നൽകാവുന്നതാണ്.

7. ഈ വിഷയം ഉത്തരവിനായി സമർപ്പിച്ചപ്പോൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനമെടുക്കേണ്ട വിഷയം</u>**

ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന്, OA 2278/2023 നമ്പർ കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 14.08.2024 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ഇടുക്കി ജില്ലയിലെ അയ്യപ്പൻകോവിൽ വില്ലേജ് ഓഫീസിലെ പാർട്ട് ടൈം സ്വീപ്പറായ ശ്രീമതി മഞ്ജു കെ. രവിയെ സ്ഥിരപ്പെടുത്തിയ 18.07.2020 ലെ സ.ഉ.(സാധാ)നം.2399/2020/റവ നമ്പർ ഉത്തരവിന് ടി വില്ലേജ് ഓഫീസിന്റെ സ്വീപ്പിങ് ഏര്യ 100 ച.മീ. ൽ അധികരിച്ച 31.03.2015 തീയതി പ്രാബല്യത്തിൽ മുൻകാല പ്രാബല്യം അനുവദിച്ച് തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കാമോ?

Government of Kerala
(Sri.Pinarayi Vijayan Ministry)
**NOTE FOR THE COUNCIL OF MINISTERS**

| | | |
|---|---|---|
| 1 | File No. | RD-T1/4/2024-RD |
| 2 | Department | Revenue (T) Department |
| 3 | Subject | Regularisation of the services of Smt. Manju K. Ravi, Part Time Sweeper, Ayyappankovil Village Office in Idukki District, with retrospective effect from 31.03.2015, the date on which the sweeping area exceeded 100 sq.m. and granting consequential benefits in accordance with the Order of the Hon'ble Administrative Tribunal dated 14.08.2024 in O.A 2278/2023-reg. |
| 4 | Date of Chief Minister's order for placing before the Council | 01.12.2024 |
| 5 | i) Does the case involve financial commitments/implications<br>ii) If the answer to the above is in the affirmative, whether the Finance Department has been consulted and their remarks incorporated in the Council Note | Yes<br>Yes |
| 6 | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council | Yes., Law Department |
| 7 | Name of Deputy Secretary who submitted the Draft Note | Sri. Roychen Thomas |
| 8 | Name of Principal Secretary who approved the Draft Note | Smt. Tinku Biswal |
| 9 | Date of approval of the Draft Note for the Council by the Principal Secretary | 13.12.2024 |
| 10 | Name of Chief Secretary who approved the Draft Note | Smt.Sarada Muraleedharan |
| 11 | Date of approval of the Draft Note for the Council by the Chief Secretary | 08.02.2025 |
| 12 | Name of Minister who approved the Draft Note | Shri.K.Rajan |
| 13 | Date of approval of the Draft Note for the Council by the Minister | 10.02.2025 |
| 14 | Date of submission of fair copies | 11.02.2025 |
| 15 | Date of decision by the council of Ministers | |
| 16 | Number and date of the G.O. / letter communicating the decision. | |

## NOTE FOR THE COUNCIL OF MINISTERS

This note relates to the regularisation of the services of Smt. Manju K. Ravi, Part Time Sweeper, Ayyappankovil Village Office, Idukki with retrospective effect from 31.03.2015, the date on which sweeping area of the said Village Office exceeded 100 sq.m. and granting consequential benefits to her in accordance with the Order of the Hon'ble Kerala Administrative Tribunal dated 14.08.2024 in O.A No. 2278/2023.

2. Smt. Manju K. Ravi had been working as Casual Sweeper at Ayyappankovil Village Office in Idukki district from 1999 onwards. Since the sweeping area of the said Village Office was 81.88 sq.m., she had not been regularised by creating a post of Part Time Sweeper in the said office in accordance with G.O.(P)No.501/2005/Fin dated 25.11.2005. The sweeping area of the said office increased to 112.10 sq. m. on 31.03.2015., subsequent to the additional works viz toilet, porch, and verandah made adjacent to the said building. Thereafter, the proposal submitted by the Land Revenue Commissioner during 2015 for regularising the services of the applicant as Part Time Sweeper was not considered in the light of the Circulars 23/2010/Fin dated 02.03.2010 and 19/2016/Fin dated 05.03.2016. Aggrieved by this, the applicant filed OA 1698/16 before the Hon'ble Kerala Administrative Tribunal and pursuant to the order of the Hon'ble Tribunal dated 14.11.2018, the applicant was regularised by creating a post of Part-Time Sweeper in Ayyappankovil Village Office with effect from the date of issuance of the order in terms of G.O.(P)No. 58/2018/Fin. dated 10.04.2018, vide G.O.(Rt)No. 2399/2020/REV dated 18.07.2020.

3. Subsequently, Smt.Manju K. Ravi had filed OA No. 2278/2023 before the Hon'ble Kerala Administrative Tribunal, stating that in similar cases, regularization had been given to the sweepers with effect from the date of their appointment and praying for a direction to regularise of her service as Part Time Sweeper with effect from the date of appointment, ie. from March 1999 along with consequential benefits. The Hon'ble Tribunal, considered the said case on 14.08.2024 and directed Government to consider and pass appropriate orders on Annexure A23 representation submitted before Government for the same relief in accordance with law.

4. In the matter, Finance Department has opined as follows.

"18.07.2020 ലെ സ.ഉ.(സാധാ)നം. 2399/2020/റവ ഉത്തരവ് പ്രകാരം ഇടുക്കി ജില്ലയിലെ അയ്യപ്പൻകോവിൽ വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ശ്രീമതി മഞ്ജു കെ. രവിയെ ഉത്തരവ് തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെട്ടുത്തിയിട്ടുണ്ട്. 10/04/2018 തിയ്യതിയിലെ സ.ഉ(പി)നം. 58/2018/ധന ഉത്തരവ് പ്രകാരം പറയുന്ന സർക്കാർ തീരുമാനം മാനിച്ച് നിയമന ഉത്തരവ് തിയ്യതി മുതൽ ജോലി സ്ഥിരത ഉറപ്പാക്കി പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് പൂർണ്ണസമ്മതമാണ് എന്ന് ശ്രീമതി മഞ്ജു. കെ. രവി സമ്മതപത്രം നല്കിയതിന്റെ അടിസ്ഥാനത്തിലാണ് ടിയാളെ ഉത്തരവ് തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെട്ടുത്തിയിട്ടുള്ളത്. ശ്രീമതി മഞ്ജു കെ. രവിയെ ഉത്തരവ് തീയതി പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെട്ടുത്തിയിട്ടുള്ളത് വ്യക്തമായ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിലാണ് എന്നതിനാൽ ടിയാളെ അയ്യപ്പൻകോവിൽ വില്ലേജ് ഓഫീസിന്റെ സ്വീപ്പിങ് ഏര്യ 100 ച. മീ. ൽ അധികമായ 31.03.2015

തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിച്ച് നല്കുന്നതിനോട് ധനവകുപ്പിന് യോജിക്കാൻ കഴിയില്ല എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു."

5. In view of the opinion of the Finance Department, the Law Department was consulted in the matter of complying with the order of Hon'ble Tribunal dated 14.08.2024 and that department has opined as follows.

"ശ്രീമതി മഞ്ജു കെ. രവി, നിയമന തീയതിയായ 1999 മാർച്ച് പ്രാബല്യത്തിൽ മുൻകാല പ്രാബല്യം അനുവദിച്ച് തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിച്ച്, സർക്കാർ മുമ്പാകെ സമർപ്പിച്ച Annexure A23 നിവേദനത്തിന്മേൽ ഉത്തരവ് പുറപ്പെടുവിക്കണമെന്ന ആവശ്യവുമായി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA 2278/2023 നമ്പർ കേസ് ഫയൽ ചെയ്തിരുന്നതും ബഹു. ട്രൈബ്യൂണൽ അപേക്ഷക സർക്കാർ മുമ്പാകെ സമർപ്പിച്ച Annexure A23 നിവേദനത്തിന്മേൽ ഉത്തരവ് കിട്ടി 3 മാസത്തിനകം ഉചിത ഉത്തരവ് പുറപ്പെടുവിക്കുന്നതിന് സർക്കാരിന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. എന്നാൽ Annexure A23 നിവേദനം സർക്കാരിൽ ലഭ്യമായതായി കാണുന്നില്ല എന്ന് ഭരണ വകുപ്പ് കുറിപ്പ് ഫയലിൽ വ്യക്തമാക്കിയിരിക്കുന്നു.

2) വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു,-

"18.07.2020 ലെ സ.ഉ.(സാധാ)നം. 2399/2020/റവ ഉത്തരവ് പ്രകാരം ഇടുക്കി ജില്ലയിലെ അയ്യപ്പൻകോവിൽ വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ശ്രീമതി മഞ്ജു കെ. രവിയെ ഉത്തരവ് തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. 10/04/2018 തിയ്യതിയിലെ സ.ഉ(പി)നം. 58/2018/ധന ഉത്തരവ് പ്രകാരം പറയുന്ന സർക്കാർ

തീരുമാനം മാനിച്ച് നിയമന ഉത്തരവ് തിയ്യതി മുതൽ ജോലി സ്ഥിരത ഉറപ്പാക്കി പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് പൂർണ്ണസമ്മതമാണ് എന്ന് ശ്രീമതി മഞ്ജു. കെ. രവി സമ്മതപത്രം നല്കിയതിന്റെ അടിസ്ഥാനത്തിലാണ് ടിയാളെ ഉത്തരവ് തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തിയിട്ടുള്ളത്. ശ്രീമതി മഞ്ജു കെ. രവിയെ ഉത്തരവ് തീയതി പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിയിട്ടുള്ളത് വ്യക്തമായ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിലാണ് എന്നതിനാൽ ടിയാളെ അയ്യപ്പൻകോവിൽ വില്ലേജ് ഓഫീസിന്റെ സ്വീപ്പിങ് ഏര്യ 100 ച. മീ. ൽ അധികമായ 31.03.2015 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിച്ച് നല്കുന്നതിനോട് ധനവകുപ്പിന് യോജിക്കാൻ കഴിയില്ല എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു."

3) ധനകാര്യവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് നടപ്പിലാക്കുന്നതിന്മേൽ ഈ വകുപ്പിന്റെ അഭിപ്രായത്തിനായാണ് ഫയൽ ലഭ്യമാക്കിയിരിക്കുന്നത്.

4) 25/11/2005 -ലെ സ.ഉ.(പി)നം. 501/2005/ധന പ്രകാരം താത്ക്കാലിക / കാഷ്വൽ സ്വീപ്പർമാരെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇതനുസരിച്ച് 25/11/2005 -ആം തീയതിക്ക് മുൻപായി ജോലിയിൽ പ്രവേശിക്കുകയും സ്വീപ്പിങ് ഏര്യ 100 ച. മീ കൂടുതലുള്ള ഓഫീസുകളിൽ കാഷ്വൽ സ്വീപ്പറായി ജോലി നോക്കി വരികയും ചെയ്തിരുന്നവരെ മാത്രമേ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്താൻ സാധിക്കുകയുള്ളൂ. എന്നാൽ 25/ 11/ 2005 ൽ 100 ച. മീ. ൽ താഴെ വിസ്തീർണമുള്ള ഓഫീസിൽ ജോലി ചെയ്തിരുന്നവർ സ്വീപ്പിങ് ഏര്യ 100 ച. മീ. അധികരിക്കുമ്പോൾ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവത്കരിക്കുന്നതിനു KAT നെ സമീപിക്കുകയും അനുകൂല വിധി

സമ്പാദിക്കുകയും ചെയ്ത നിരവധി precedents കാണാവുന്നതാണ്. നിലവിലെ വിഷയത്തിൽ, 18.07.2020 ലെ സ.ഉ. (സാധാ) നം.2399/2020/റവ പ്രകാരം ഇടുക്കി അയ്യപ്പൻകോവിൽ വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ശ്രീമതി മഞ്ജു കെ. രവിയെ ഉത്തരവ് തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. 10/04/2018 തിയ്യതിയിലെ സ.ഉ.(പി) നം. 58/2018/ധന ഉത്തരവിനനുസൃതമായി നിയമന ഉത്തരവ് തിയതി മുതൽ ജോലി സ്ഥിരത ഉറപ്പാക്കി പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് സമ്മതമാണ് എന്ന് ശ്രീമതി മഞ്ജു കെ. രവി സമ്മതപത്രം നല്കിയതിന്റെ അടിസ്ഥാനത്തിലാണ് ഉത്തരവ് തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തിയിട്ടുള്ളത് . OA 2278/2023 നമ്പർ കേസ് 14.08.2024 ൽ പരിഗണിച്ച ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ. "..the Original Application is disposed of directing the 1 st respondent to consider and pass appropriate orders on Annexure A23 representation in accordance with law..." എന്നാണ് നിരീക്ഷിച്ചിട്ടുള്ളത്.

5) ആയതിനാൽ, ഇടുക്കി ജില്ലാ കളക്ടറുടെയും കമ്മീഷണറുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 25.11.2005 ന് ശേഷം സ്വീപ്പിങ് ഏര്യ 100 ച. മീ. അധികമായ പല കേസുകളിലും സ്വീപ്പിങ് ഏര്യ അധികരിച്ച തീയതി പ്രാബല്യത്തിലാണ് ക്രമവൽക്കരണം നൽകിവരുന്നത് എന്നത് പരിഗണിച്ച്, 31.03.2015 ലാണ് അയ്യപ്പൻകോവിൽ വില്ലേജ് ഓഫീസിന്റെ സ്വീപ്പിങ് ഏര്യ 100 ച.മീ. ൽ അധികരിച്ചത് എന്നതിനാൽ, പ്രസ്തുത തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിച്ച് OA 2278/2023 നമ്പർ കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധി നടപ്പിലാക്കാവുന്നതാണ്."

6. Even though an undertaking with respect to the date of regularisation has been obtained from Smt. Manju K. Ravi prior to regularising her as Part Time

Sweeper with effect from the date of issuance of the order, it is quite unjust in denying all such benefits to Smt. Manju K. Ravi, which were granted to similarly placed persons, since persons in similar cases were regularised as Part Time Sweeper by creating a post of Part Time Sweeper from the date on which sweeping area enhanced to 100 sq.m. and the benefits arising there from have been granted to them. Therefore, taking into account of the opinion of the Law department, Smt. Manju K Ravi, Part Time Sweeper, Ayyappankovil Village office, Idukki, may be regularised as Part Time Sweeper retrospectively with effect from 31.03.2015, ie., the date on which the sweeping area exceeded 100 sq. m. in the said office.

7. When circulated, the Hon'ble Chief Minister has ordered to place the matter before the Council of Ministers for consideration.

**Point for decision**

Whether the G.O.(Rt) No.2399/2020/REV dated 18/07/2020 regularising the services of Smt.Manju K. Ravi, Part Time Sweeper, Ayyappankovil Village office, Idukki District be given retrospective effect from 31.03.2015, the date on which sweeping area exceeded 100 sq.m. and consequential benefits if any, may be granted to her in accordance with the Order of the Hon'ble Kerala Administrative Tribunal dated 14.08.2024 in OA No. 2278/2023 by overruling the remarks of Finance Department ?